ഉത്തരം

(എ) ഉണ്ട്.

(ബി, സി) വിപണനപ്രശ്നങ്ങളാണ് പ്രതിസന്ധിയുടെ പ്രധാന കാരണമെന്ന് കരുതുന്നു. വായ്പയെടുത്ത ചെറുകിട വ്യവസായങ്ങളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി അർഹതയുള്ള സ്ഥാപനങ്ങൾക്ക് നിക്ഷേപ സബ്സിഡി കഴിയുന്നത്ര വേഗം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പീഡിത വ്യവസായ യൂണിറ്റുകളെ പുനരുദ്ധരിക്കുന്ന പ്രക്രിയയും കൂടുതൽ ഫലവത്തായി നടപ്പിലാക്കി വരുന്നു. ഇവയുടെ പ്രശ്നങ്ങൾ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചചെയ്ത് പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും പുനരുദ്ധാരണ സെൽ പ്രവർത്തിക്കുന്നു.

ബി. ഐ. എഫ്.ആർ.-ന്റെ അധീനതയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ

13 [3418] ശ്രീ. ടി.-യു. രാധാകൃഷ്ണൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ടി. എൻ. പ്രതാപൻ:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എത്ര വ്യവസായങ്ങൾ ഇപ്പോൾ ബി. ഐ. എഫ്. ആർ.-ന്റെ അധീനതയിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ അധീനതയിൽ നിന്നും വിട്ടുകിട്ടിയിട്ടുള്ള വ്യവസായങ്ങളിൽ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തവ ഏതെല്ലാമാണ്;

(സി) ഇവയെ ശരിയായ വിധത്തിൽ പ്രവർത്തിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബി. ഐ. എഫ്.ആർ.-ന്റെ അധീനതയിലുള്ള കെ. എസ്. ഐ. ഡി. സി.-യുടെ കീഴിലുള്ള 19 വ്യവസായങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോൾ ബി. ഐ. എഫ്.ആർ.-ന്റെ പരിഗണനയിലുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്:

1. ഓട്ടോ കാസ്റ്റ് ലിമിറ്റഡ്.
2. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്.
3. കെൽട്രോൺ പവർ ഡിവൈസ് ലിമിറ്റഡ്.
4. കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്.
5. കെൽട്രോൺ കൗണ്ടേഴ്സ്.
6. കെൽട്രോൺ റെക്ടിഫെയേഴ്സ്.
7. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്.
8. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്.
9. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്.

† അനുബന്ധം IV കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) കെ. എസ്. ഐ. ഡി. സി.-യുടെ പരിധിയിലും സംസ്ഥാന പൊതു മേഖലയിലും അത്തരം സ്ഥാപനങ്ങളില്ല.

അപ്പാരൽ പാർക്കുകൾ

14 [3419] ശ്രീ. കെ. അച്ചുതൻ:
" അടൂർ പ്രകാശ്:
" ഡി. സുഗതൻ:
" ടി. യു. രാധാകൃഷ്ണൻ:
" കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അപ്പാരൽ പാർക്കുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇവ എവിടെയെല്ലാം;

(സി) ഇവയിൽ ഏതിന്റെയെല്ലാം പണി പൂർത്തിയായി എന്ന് വ്യക്തമാക്കാമോ;

(ഡി) പണി പൂർത്തിയായവയിൽ എത്ര യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യങ്ങളുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) രണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഒരു അപ്പാരൽ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഒരു അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) പണി പൂർത്തിയാക്കിയ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ മുപ്പത് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള സൗകര്യങ്ങളുണ്ട്.

പ്രവർത്തനക്ഷമമായ വ്യവസായ പാർക്കുകൾ

15 [3420] ശ്രീ. ബിനോയ് വിശ്വം:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനക്ഷമമായ എത്ര വ്യവസായ പാർക്കുകൾ സംസ്ഥാനത്തുണ്ട്;

(ബി) കിൻഫ്രയുടെ കൈവശമുള്ളതിൽ അടിസ്ഥാന സൗകര്യമൊരുക്കിയ ഭൂമിയുടെ അളവെത്ര;

LIBRARY ARCHIVES Kerala Legislative Assembly